1T

# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *91 04.12.2014-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.എ.വാഹീദ്**<br>**,, കെ.മുരളീധരൻ**<br>**,, എ.റ്റി.ജോർജ്**<br>**,, ആർ.സെൽവരാജ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതികൾക്ക് വേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ 01.10.2013-ന് ദർഘാസ് ക്ഷണിക്കുകയും, ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ, പുനർദർഘാസ് വിളിക്കുകയും ചെയ്തു. പുനർദർഘാസ് 30.05.2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെൻഡർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ്, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് , പദ്ധതിയ്ക്കുള്ള അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28.08.2014-ന് കൂടിയ 10-ാമത് കേരള മോണോ റെയിൽ കോർപ്പറേഷൻ ബോർഡ് യോഗത്തിൽ, മോണോറെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും പകരം മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിൻ പ്രകാരം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ, ലൈറ്റ് മെട്രോ പദ്ധതിക്കുള്ള വിശദമായ രൂപരേഖ 08.10.2014-ന് സമർപ്പിക്കുകയും, 24.10.2014-ന് കൂടിയ 11-ാമത് കേരള മോണോ റെയിൽ കോർപ്പറേഷൻ ബോർഡ് യോഗം പ്രസ്തുത രൂപരേഖ അംഗീകരിക്കുകയും, ഡൽഹി മെട്രോ റെയിൽ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനെ പദ്ധതിയുടെ നടത്തിപ്പിനായുള്ള turn-key കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബോർഡ് യോഗ തീരുമാന പ്രകാരം, ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിൽ മുൻ പരിചയമുള്ള 12 കമ്പനികളുടെ യോഗം ഡോ.ഇ.ശ്രീധരന്റെ നേതൃത്വത്തിൽ 19.11.2014-ന് നടത്തുകയുണ്ടായി. ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപരേഖക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | മോണോറെയിൽ പദ്ധതിക്കുവേണ്ടി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന് പുനർ നാമകരണം ചെയ്യുന്നതിന് 24.10.2014-ന് കൂടിയ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ച വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിവരിക്കുമോ ; | (സി) | മോണോറെയിൽ പദ്ധതിക്ക് നിശ്ചയിച്ചിരുന്ന അലൈൻമെന്റിൽ വലിയ വ്യത്യാസം വരുത്താതെയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. മോണോറെയിൽ പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ direct purchase നിബന്ധനകൾ പ്രകാരം നടത്തുന്നതിന് 11.07.2014-ലെ G.O.(Rt) No. 3163/14/RD പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് ലൈറ്റ് മെട്രോ പദ്ധതിക്കും ബാധകമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചവരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) | തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽ പദ്ധതികൾ മിഷൻ 676-ലെ നവരത്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പദ്ധതികൾക്ക് പകരമായി നടപ്പാക്കാൻ തീരുമാനിച്ച ലൈറ്റ് മെട്രോ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചവരികയാണ്. |

**സെക്ഷൻ ഓഫീസർ**